എൻഎസ്എയുടെ വിയറ്റ്നാം സന്ദർശനം (നവംബർ 01 - 02, 2026)

ദേശീയ സുരക്ഷാ ഉപദേഷ്ടാവ് ശ്രീ. അജിത് ഡോവൽ 2026 നവംബർ 1-2 തീയതികളിൽ വിയറ്റ്നാമിലെ ഹാ നോയി സന്ദർശിച്ചു.

2. ഈ സന്ദർശന വേളയിൽ, വിയറ്റ്നാം കമ്മ്യൂണിസ്റ്റ് പാർട്ടി (സിപിവി) കേന്ദ്ര കമ്മിറ്റി പൊളിറ്റ് ബ്യൂറോ അംഗവും വിയറ്റ്നാം പൊതുസുരക്ഷാ മന്ത്രിയുമായ ജനറൽ ലുവോങ് ടാം കവാങ്ങുമായി എൻഎസ്എ കൂടിക്കാഴ്ച നടത്തി. നിയമ നിർവ്വഹണം, സൈബർ, സമുദ്രം, സാമ്പത്തിക സുരക്ഷ എന്നിവ ഉൾപ്പെടെ നിലവിലുള്ള സുരക്ഷയും രഹസ്യാന്വേഷണ സഹകരണവും ഇരുപക്ഷവും ചർച്ച ചെയ്തു. ഈ മേഖലകളിൽ ശേഷി വർദ്ധിപ്പിക്കുന്നതിന് അവർ സമ്മതിച്ചു.

3. എൻഎസ്എ, വിയറ്റ്നാം കമ്മ്യൂണിസ്റ്റ് പാർട്ടി (സിപിവി) കേന്ദ്ര കമ്മിറ്റി ജനറൽ സെക്രട്ടറിയും സ്റ്റേറ്റ് പ്രസിഡന്റുമായ ശ്രീ. തോ ലാം-നെ സന്ദർശിക്കുകയും, പ്രധാനമന്ത്രി ശ്രീ. നരേന്ദ്ര മോദിയുടെ ഊഷ്മളമായ അഭിവാദ്യങ്ങൾ അദ്ദേഹത്തെ അറിയിക്കുകയും ചെയ്തു.

4. സിപിവി കേന്ദ്ര കമ്മിറ്റി പൊളിറ്റ് ബ്യൂറോ അംഗവും ഉപപ്രധാനമന്ത്രിയും ദേശീയ പ്രതിരോധ മന്ത്രിയുമായ ജനറൽ ഫാൻ വാൻ ഗിയാങ്, സിപിവി കേന്ദ്ര കമ്മിറ്റി പൊളിറ്റ് ബ്യൂറോ അംഗവും വിദേശകാര്യ മന്ത്രിയുമായ ലെ ഹോവായ് ട്രുങ് എന്നിവരുമായും എൻഎസ്എ കൂടിക്കാഴ്ച നടത്തി.

5. നാഷണൽ വിയറ്റ്നാം ബുദ്ധിസ്റ്റ് സംഘയുടെ (വിബിഎസ്) ആസ്ഥാനമായ, ഹനോയിയിലെ ചരിത്രപ്രസിദ്ധമായ കവാൻ സു പഗോഡ എൻഎസ്എ സന്ദർശിച്ചു.

6. 2027 ൽ ഉഭയകക്ഷി നയതന്ത്ര ബന്ധം സ്ഥാപിതമായതിന്റെ 55-ാം വാർഷികം ഇന്ത്യയും വിയറ്റ്നാമും ആഘോഷിക്കും. ഇന്ത്യ-വിയറ്റ്നാം വിപുലീകൃത സമഗ്ര തന്ത്രപരമായ പങ്കാളിത്തത്തിന് കീഴിലുള്ള

ഉഭയകക്ഷി സഹകരണത്തിലെ പുരോഗതി അവലോകനം ചെയ്യാൻ ഈ സന്ദർശനം അവസരമൊരുക്കി.

ഹാ നോയി, വിയറ്റ്നാം

നവംബർ 02, 2026